**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ**
**ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

# പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും
# മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ പ്രസിഡന്റും ആയ
# മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

**No. 171/2026**

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളികൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്വ്!

പ്രിയരെ,

നമ്മുടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷന്റെ ഒരു യോഗം, സഭയ്ക്ക് ആവശ്യമായിരിക്കുന്ന നാല് മേൽപട്ടക്കാരെ തെരഞ്ഞെടുക്കുന്നതിനായി 2026 ഓഗസ്റ്റ് 27-ന് നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതായി 2026 ഏപ്രിൽ മാസം 16-ാം തീയതിയിലെ നമ്മുടെ 140/2026 നമ്പർ കൽപന മുഖാന്തിരം നാം അറിയിച്ചിരുന്നുവല്ലോ. ആയതിന്റെ ക്രമീകരണങ്ങൾ എല്ലാം നടന്നുവരുന്നു.

ഈ പ്രാവശ്യത്തെ തെരഞ്ഞെടുപ്പിൽ എല്ലാ പ്രതിനിധികളും യോഗസ്ഥലത്തുവന്ന് വോട്ടുചെയ്യുവാൻ തക്കവണ്ണം ക്രമീകരിക്കണമെന്ന് 15.04.2026-ൽ കൂടിയ മാനേജിംഗ് കമ്മറ്റി നമുക്ക് ശുപാർശ നൽകിയിരുന്നു. അതിനനുസരിച്ച് തന്നെയാണ് മേൽ പ്രസ്താവിച്ചിരിക്കുന്ന കൽപന നാം നൽകിയതും. എന്നാൽ യോഗ സമയത്തിന് മുമ്പ് ഉണ്ടാകാവുന്ന പ്രതിസന്ധികളും മറ്റും മറികടക്കുവാൻ പ്രത്യേക ക്രമീകരണങ്ങൾ ചെയ്യുന്നതിനും ആവശ്യമായി വന്നാൽ ആധുനിക ഇലക്ട്രോണിക് സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി വോട്ടിംഗും വോട്ടെണ്ണലും, ഭരണഘടനയും നടപടിച്ചട്ടങ്ങളും ലംഘിക്കാതെ നടത്തുവാനും നമുക്കുള്ള അധികാരത്തെക്കുറിച്ചും അതിൽതന്നെ സൂചിപ്പിച്ചിരുന്നുവല്ലോ.

ടി കൽപന ലഭിച്ചതിനുശേഷം വിദേശത്തുള്ള അനേകം അസ്സോസിയേഷൻ അംഗങ്ങളും മാനേജിംഗ് കമ്മറ്റി അംഗങ്ങളും ഗൾഫ് മേഖലയിൽ നിലനിൽക്കുന്ന സംഘർഷാവസ്ഥയുടെ കാരണത്താൽ എത്തിച്ചേരുവാൻ സാധിക്കാതെ വന്നേക്കാമെന്നും, അതിനാൽ മുൻ അസ്സോസിയേഷൻ യോഗങ്ങൾ നടത്തിയതുപോലെ ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും നമ്മോട് അപേക്ഷിക്കുകയുണ്ടായി. ഈ കാര്യം നമ്മുടെ ആലോചനാ സമിതിയിലും സുന്നഹദോസിന്റെ ഒരു അടിയന്തിര യോഗത്തിലും ആലോചിച്ചതിനു ശേഷം അസ്സോസിയേഷൻ നടപടിച്ചട്ടം ഭാഗം 6, X(8)വകുപ്പ് നമുക്ക് നൽകിയിട്ടുള്ള അധികാരത്താൽ താഴെ പറയുന്ന ക്രമീകരണങ്ങൾ നാം ചെയ്യുന്നതാണ്.

ഇന്ത്യയ്ക്ക് പുറത്തുള്ള ഭദ്രാസനങ്ങളിൽ നിന്നുള്ള എല്ലാ അസ്സോസിയേഷൻ പ്രതിനിധികൾക്കും തെരഞ്ഞെടുക്കപ്പെട്ട മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും വേണ്ടി മാത്രം ഇലക്ട്രോണിക് വോട്ടിംഗ് സംവിധാനം ക്രമീകരിക്കുന്നതാണ്. ഇന്ത്യയ്ക്ക് അകത്തുള്ള ഭദ്രാസനങ്ങളിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള വിദേശ ഇടവകകളിൽ നിന്നുള്ള പ്രതിനിധികൾക്കും, വിദേശത്ത് സ്ഥിരതാമസമാക്കിയിരിക്കുന്ന മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്കും അതോടൊപ്പം ഇ-വോട്ടിംഗ് നടത്താവുന്നതാണ്. താഴെ പറയുന്ന ഇടവകകളിൽ നിന്നുള്ളവർക്ക് ഈ സൗകര്യം പ്രയോജനപ്പെടുത്താവുന്നതാണ്. 2022 ജൂലൈ 4 -ലെ അസ്സോസിയേഷൻ അംഗങ്ങളുടെ ലിസ്റ്റാണ് ഇപ്പോഴും നിലവിലിരിക്കുന്നത്. ആ തീയതിയിൽ ഓരോ ഇടവകയും ഏത് ഭദ്രാസനത്തിൽ ഉൾപ്പെട്ടിരുന്നു എന്നതനുസരിച്ചാണ് ലിസ്റ്റ് നൽകിയിരിക്കുന്നത്. എന്നാൽ അസോസിയേഷൻ മാനേജിംഗ് കമ്മറ്റി അംഗങ്ങളെ സംബന്ധിച്ചിടത്തോളം ഇപ്പോൾ നിലവിലുള്ള ലിസ്റ്റാണ് പരിഗണിക്കുന്നത് എന്നുള്ളതും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

(മറുപുറം)

| ഭദ്രാസനം | ഇടവക |
|---|---|
| നോർത്ത് ഈസ്റ്റ് അമേരിക്ക ഭദ്രാസനം | എല്ലാ പള്ളികളും (2022 ജൂലൈ 4 -ലെ ലിസ്റ്റ് പ്രകാരം) |
| സൗത്ത് വെസ്റ്റ് അമേരിക്ക ഭദ്രാസനം | എല്ലാ പള്ളികളും (2022 ജൂലൈ 4 -ലെ ലിസ്റ്റ് പ്രകാരം) |
| യു. കെ.-യൂറോപ്പ്-ആഫ്രിക്ക ഭദ്രാസനം | എല്ലാ പള്ളികളും (2022 ജൂലൈ 4 -ലെ ലിസ്റ്റ് പ്രകാരം) |
| മദ്രാസ് ഭദ്രാസനം | 1. ഓസ്ട്രേലിയ അഡലെയ്ഡ് സെന്റ് ഗ്രീഗോറിയോസ്<br>2. ഓസ്ട്രേലിയ ബ്രിസ്ബേൻ സെന്റ് ജോർജ്ജ്<br>3. ഓസ്ട്രേലിയ കാൻബറ സെന്റ് ഗ്രീഗോറിയോസ്<br>4. ഓസ്ട്രേലിയ മെൽബൺ സെന്റ് മേരീസ് കത്തീഡ്രൽ<br>5. ഓസ്ട്രേലിയ പെർത്ത് സെന്റ് ജോർജ്ജ്<br>6. ഓസ്ട്രേലിയ സിഡ്നി സെന്റ് മേരീസ്<br>7. ഓസ്ട്രേലിയ സിഡ്നി സെന്റ് തോമസ് കത്തീഡ്രൽ<br>8. മലേഷ്യ കുലാലംപൂർ സെന്റ് മേരീസ് കത്തീഡ്രൽ<br>9. ന്യൂസീലാൻഡ് ഓക്ലാഡ് സെന്റ് ഡയനീഷ്യസ്<br>10. ന്യൂസീലാൻഡ് ഹാമിൽട്ടൻ സെന്റ് ഗ്രീഗോറിയോസ്<br>11. ന്യൂസീലാൻഡ് വില്ലിംഗ്ടൺ മാർ ഡയനീഷ്യസ്<br>12. സിംഗപ്പൂർ സെന്റ് തോമസ് കത്തീഡ്രൽ<br>13. ന്യൂസീലാൻഡ് ക്രൈസ്റ്റ് ചർച്ച് സെന്റ് മേരീസ്<br>14. ഓസ്ട്രേലിയ ബ്രിസ്ബേൻ സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ്<br>15. ഓസ്ട്രേലിയ ക്ലേറ്റൺ സെന്റ് ഗ്രീഗോറിയോസ് |
| ബ്രഹ്മവാർ ഭദ്രാസനം | 1. അബുദബി സെന്റ് ജോർജ്ജ് കത്തീഡ്രൽ |
| ബാംഗ്ളൂർ ഭദ്രാസനം | 1. ഫുജൈറ സെന്റ് ഗ്രീഗോറിയോസ്<br>2. റാസ് അൽ ഖൈമ സെന്റ് മേരീസ് |
| ബോംബെ ഭദ്രാസനം | 1. ബഹ്റിൻ സെന്റ് മേരീസ്<br>2. ദോഹ സിറിയൻ ഓർത്തഡോക്സ് പള്ളി |
| കൽക്കട്ട ഭദ്രാസനം | 1. കുവൈറ്റ് അഹമ്മദി സെന്റ് തോമസ് പഴയപള്ളി<br>2. കുവൈറ്റ് സെന്റ് ഗ്രീഗോറിയോസ് മഹാ ഇടവക<br>3. കുവൈറ്റ് സെന്റ് ബേസിൽ<br>4. കുവൈറ്റ് സെന്റ് സ്റ്റീഫൻസ് |
| ഡൽഹി ഭദ്രാസനം | 1. അലൈൻ സെന്റ് ഡയനിഷ്യസ്<br>2. ദുബായ് സെന്റ് തോമസ്<br>3. ജബൽ അലി സെന്റ് ഗ്രീഗോറിയോസ്<br>4. ഷാർജ മാർ ഗ്രീഗോറിയോസ് |

(മറുപുറം)

| | |
|---|---|
| അഹമ്മദാബാദ് ഭദ്രാസനം | 1. ഗാലാ സെന്റ് മേരീസ്<br>2. മസ്കറ്റ് മാർ ഗ്രീഗോറിയോസ്<br>3. സലാല സെന്റ് സ്റ്റീഫൻസ്<br>4. സോഹാർ സെന്റ് ജോർജ്ജ് |
| തൃശ്ശൂർ ഭദ്രാസനം | 1. ദമാം സെന്റ് ഡയനീഷ്യസ്, ഡിസേർട്ട് ലാൻഡ്<br>2. അൽ ഖഫ്ജി സെന്റ് മേരീസ്<br>3. അൽഖർജ് സെന്റ് പീറ്റേഴ്സ്<br>4. ഹെയ്ൽ സെന്റ് മേരീസ്<br>5. അൽ-ക്വാസിം മാർ ഗ്രീഗോറിയോസ്<br>6. റിയാദ് സെന്റ് ഗ്രീഗോറിയോസ്<br>7. റിയാദ് എം. ഒ. സി.<br>8. റിയാദ് സെന്റ് മേരീസ്<br>9. റിയാദ് ഡിസേർട്ട് ലാൻഡ് സെന്റ് ജോർജ്ജ്<br>10. റിയാദ് സെൻട്രൽ സെന്റ് ഗ്രീഗോറിയോസ്<br>11. ജിദ്ദ സെന്റ് ഗ്രീഗോറിയോസ് |

മുകളിൽ കൊടുത്തിരിക്കുന്ന എല്ലാ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികൾ ഇലക്ട്രോണിക് സംവിധാനത്തിലൂടെ തന്നെ വോട്ടുചെയ്യേണ്ടതാണ്. അസോസിയേഷൻ യോഗത്തിൽ അവർ ഹാജരാണെങ്കിൽപോലും ഇ-വോട്ട് മാത്രം ചെയ്യേണ്ടതാണ്. വിദേശത്ത് സ്ഥിരതാമസമാക്കിയിരിക്കുന്ന മാനേജിംഗ് കമ്മറ്റി അംഗങ്ങൾക്ക് ഇ-വോട്ടിന്റെ പ്രയോജനം ആവശ്യമെങ്കിൽ അവർ അത് നേരത്തെ തന്നെ നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ അറിയിച്ചിരിക്കേണ്ടതാണ്. കഴിഞ്ഞ അസോസിയേഷനുശേഷം മൊബൈൽ നമ്പരും ഇ-മെയിൽ വിലാസവും മാറേണ്ടിവന്നിട്ടുള്ള വിദേശത്തുനിന്നുള്ള പ്രതിനിധികൾ പഴയ നമ്പരും പുതിയ നമ്പരും, പഴയ ഇ-മെയിലും പുതിയ ഇ-മെയിലും നമ്മുടെ കാതോലിക്കേറ്റ് ഓഫീസിൽ 2026 ജൂലൈ 1-ന് മുമ്പ് രേഖാമൂലം അറിയിച്ചിരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച വിശദ വിവരങ്ങൾ നമ്മുടെ അസോസിയേഷൻ സെക്രട്ടറി യഥാസമയം അറിയിക്കുന്നതാണ്.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2026 മെയ് മാസം 07-ാം തീയതി

കോട്ടയം കാതോലിക്കേറ്റ് അരമനയിൽനിന്നും.